സാധിക്കുമോ എന്നതും പരിശോധിച്ചുവരികയാണ്. ഇതിനെ സംബന്ധിച്ചുള്ള പഠനത്തിന് സെക്കന്തരാബാദിലെ അഡ്വാൻസ്ഡ് ഡാറ്റാ പ്രോസ്സസിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1961-ലെ കേരള ഫോറസ്റ്റ് ആക്ട് ഭേദഗതി

*19 [170] *ശ്രീ. ഷിബു ബേബി ജോൺ:*
„ ടി. എം. ജേക്കബ്:
„ ആർ. ബാലകൃഷ്ണപിള്ള:
„ ജോണി നെല്ലൂർ:
„ കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചന്ദനമരകള്ളക്കടത്ത് തടയുന്നതിനായി 1961-ലെ കേരള ഫോറസ്റ്റ് ആക്ട് ഭേദഗതി ചെയ്തിട്ടുണ്ടോ;

(ബി) ഈ നിയമം ഭേദഗതി ചെയ്യുന്നതിനായി പ്രസിഡന്റിന്റെ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ;

(സി) ഈ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. കേരള ഫോറസ്റ്റ് അമന്റ്മെന്റ് ഓർഡിനൻസ് 2004 എന്ന് നാമകരണം ചെയ്ത ഈ ഭേദഗതി പ്രസിഡൻറിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസിഡന്റിന്റെ അനുമതി ലഭ്യമായിട്ടില്ല.

(സി) ഈ നിയമത്തിലെ പ്രധാന വ്യവസ്ഥകൾ ചുരുക്കത്തിൽ ചേർക്കുന്നു:

- സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അനുമതി കൂടാതെ സ്വകാര്യസ്ഥലങ്ങളിലുള്ള ചന്ദനമരങ്ങൾ വെട്ടിമാറ്റുന്നതും കച്ചവടം നടത്തുന്നതും നിരോധിക്കുക.
- സ്വകാര്യഭൂമിയിലെ ചന്ദനമരങ്ങൾ വനം വകുപ്പ് വെട്ടി ശേഖരിക്കുന്നതിനും വിൽപ്പന നടത്തുന്നതിനും ഉടമസ്ഥന് അതിന്റെ വില നൽകുന്നതിനും വ്യവസ്ഥ ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

- ഒരു കിലോഗ്രാമിൽ കൂടുതൽ ചന്ദനത്തടിയോ 100 ഗ്രാമിൽ കൂടുതൽ ചന്ദനത്തൈലമോ ഒരു സ്വകാര്യവ്യക്തിയുടെ കൈവശം വയ്ക്കുന്നതിന് ലൈസൻസ് നിർബന്ധിതമാക്കുക.

- ഗവൺമെന്റ് നിശ്ചയിക്കുന്ന ഉദ്യോഗസ്ഥരിൽനിന്നല്ലാതെ ചന്ദനത്തടിയോ ചന്ദനത്തൈലമോ വാങ്ങുന്നതു നിരോധിക്കുക.

- ഗവൺമെന്റ് അല്ലാതെ മറ്റാരും ചന്ദനത്തൈലം നിർമ്മിക്കുകയോ ശുദ്ധീകരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നതു നിരോധിക്കുക.

മത്സ്യത്തൊഴിലാളി ക്ഷേമനിധി വിഹിതം

*20 [171] *ശ്രീ. വി. കെ. സി. മമ്മത്കോയ:*
*,, *ഞാളാംകുഴി അലി:*
*,, *ടി. കെ. ദേവകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് മത്സ്യകയറ്റുമതിക്കാരുടെ വിഹിതം ലഭിക്കാതായത് എന്നുമുതലാണ്; അതിനിടയായ സാഹചര്യം എന്തായിരുന്നു;

(ബി) മത്സ്യകയറ്റുമതിക്കാരുടെ വിഹിതം ലഭിക്കാതായതിനെത്തുടർന്ന് ക്ഷേമനിധിയുടെ പ്രവർത്തനത്തിൽ എന്തെല്ലാം പ്രയാസങ്ങൾ നേരിടുകയുണ്ടായി എന്ന് വിശദമാക്കാമോ;

(സി) മത്സ്യകയറ്റുമതിക്കാരിൽനിന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കാൻ സാധ്യമാകുംവിധം നിയമനിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്ക് കയറ്റുമതിക്കാരുടെ വിഹിതം ലഭിക്കാതായത് 1-2-2002 മുതലാണ്. 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്ടിലെ സെക്ഷൻ 4(2) പ്രകാരം മത്സ്യക്കയറ്റുമതിക്കാരും മത്സ്യവ്യാപാരികളും അവരുടെ വാർഷിക വിറ്റുവരവിന്റെ ഒരു ശതമാനം (1%) ക്ഷേമനിധിയിലേക്ക് അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്. ഇങ്ങനെ അംശദായം ഈടാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാനസർക്കാരിന് അധികാരമില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ച് 1-2-2002-ൽ വിധി പ്രസ്താവിച്ചു. ഇതുമൂലം മത്സ്യകയറ്റുമതിക്കാരിൽനിന്നും മത്സ്യവ്യാപാരികളിൽനിന്നും ക്ഷേമനിധിയിലേക്ക് ലഭിക്കേണ്ടതായ വിഹിതം ലഭിക്കാതായി.

LIBRARY ARCHIVES Kerala Legislative Assembly